എൽ.പി.എസ്. പാറക്കോട്

# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025-26

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26
## സമഗ്ര ഗുണമേന്മ പദ്ധതി

## ഉള്ളടക്കം

- ആമുഖം
- അവസ്ഥാവിശകലനം
- ലക്ഷ്യങ്ങൾ
- പ്രവർത്തനങ്ങൾ
- ഭാഷ, ഗണിതം, ശാസ്ത്രം, ഇംഗ്ലീഷ്
- പദ്ധതിവിശദാംശങ്ങൾ

നേട്ടങ്ങൾ

- ഭിന്നശേഷി വിദ്യാർത്ഥികളുടെ ശേഷി വികസനം
- പ്രവർത്തനകലണ്ടർ
- Consolidation

# സമഗ്ര ഗുണമേന്മ പദ്ധതി

സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് സമഗ്ര ഗുണമേന്മ പദ്ധതി. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുക, ഓരോ ക്ലാസിലും വിഷയത്തിലും പാഠ്യപദ്ധതി നിശ്ചയിച്ച ശേഷികൾ കുട്ടികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക, കുട്ടികൾക്ക് വേണ്ട പിന്തുണ പരിപാടി സംഘടിപ്പിക്കുക, കൂടുതൽ ശ്രദ്ധ വേണ്ട വിഷയങ്ങൾക്കുള്ള പിന്തുണ പരിപോഷണ പരിപാടികൾ നടപ്പിലാക്കുക, കുട്ടികളുടെ സമഗ്ര പുരോഗതി രേഖ വികസിപ്പിക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ.

# സ്കൂൾ മാന്വൽ

## എൽ.പി.എസ്. പാറക്കോട്

### ആമുഖം.

വെളിയം സബ്ജില്ലയിലെ ഇളമാട് പഞ്ചായത്തിലെ രണ്ടാം വാർഡായ പാറക്കോടിന്റെ ഹൃദയഭാഗത്തായി പാറക്കോട് എൽ. പി. എസ് സ്ഥിതിചെയ്യുന്നു. ഉമ്മന്നൂർ, വെളിയം പഞ്ചായത്തുകൾ പാറക്കോടിന്റെ അതിർത്തി പങ്കിടുന്നു. 1950 ലാണ് സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. 2025-26 സ്കൂൾ വർഷത്തിൽ 65 വിദ്യാർത്ഥികളും 4 അധ്യാപകരുമാണുള്ളത്. ഈ സ്കൂളിനോടനുബന്ധിച്ച് പ്രീപ്രൈമറിയും പ്രവർത്തിച്ചുവരുന്നു. 1 മുതൽ 4 വരെ ക്ലാസുകളിൽ ഓരോ ഡിവിഷനുകളാണ് നിലവിലുള്ളത്. സ്കൂൾ പരീക്ഷയിൽ സ്കൂളിലെ ഭൂരിഭാഗം കുട്ടികളും A grade നേടുന്നുണ്ട്.

സ്കൂൾ മാനേജ്മെന്റിന്റെയും അധ്യാപകരുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും സംയുക്ത സഹകരണത്തിൽ സ്കൂളിന്റെ ഭൗതിക സാഹചര്യം വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്. പാർക്ക്, സ്മാർട്ട് ക്ലാസ്റൂം, കുട്ടികൾക്ക് ഇരിപ്പിട സൗകര്യം, സ്കൂൾ ബസ്, ക്ലാസ് മുറികൾ ഭിത്തികെട്ടി വേർതിരിക്കൽ, ഫാൻ ലൈറ്റ് സൗകര്യം

ഇവയെല്ലാം ലഭിച്ചിട്ടുണ്ട്. പ്രീപ്രൈമറി മുതൽ 4 വരെ ഇംഗ്ലീഷ്/മലയാളം മീഡിയം ക്ലാസുകൾ നടന്നുവരുന്നു.

# അവസ്ഥാ വിശകലനം

ഭൗതികം – അക്കാദമികം
പരിമിതികൾ – നേട്ടങ്ങൾ

നേട്ടങ്ങൾ.

ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ടു.
ലൈബ്രറി വിപുലീകരിച്ചു.
പാർക്ക്, സ്മാർട്ട് ക്ലാസ്റൂം, ക്ലാസ് റൂമുകൾ ടൈൽ വിരിക്കൽ, മെച്ചപ്പെട്ട ക്ലാസ് റൂം ഇവ ലഭിച്ചിട്ടുണ്ട്.
നവീകരിച്ച ബാത്ത്റൂം കോംപ്ലക്സ്, വാഷിങ് ഏരിയ എന്നിവ ലഭിച്ചിട്ടുണ്ട്.
സ്കൂൾ ബസ് ലഭിച്ചിട്ടുണ്ട്.
തുമ്പൂർമുഴി (മാലിന്യസംസ്കരണപ്ലാന്റ്)
2 വാട്ടർപ്യൂരിഫയറുകൾ - എന്നിവ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്.

പരിമിതികൾ.

കമ്പ്യൂട്ടറുകൾ ലഭിച്ചിട്ടുണ്ട് എങ്കിലും ഒരു ക്ലാസിന് ഒന്ന് എന്ന രീതിയിൽ ആവശ്യത്തിന് ലഭിച്ചിട്ടില്ല.
കുട്ടികൾക്ക് കളിക്കാവുന്ന തരത്തിൽ കളി സ്ഥലത്തിന്റെ സൗകര്യം മെച്ചപ്പെടുത്തേണ്ടതുണ്ട്.
ആവശ്യത്തിന് കളിസ്ഥലം ഇല്ല
ഉച്ചഭക്ഷണം പാചകം ചെയ്യുന്ന മുറിയിൽ വേണ്ടത്ര സൗകര്യം ഇല്ല. പാചകപ്പുര മെച്ചപ്പെടുത്തേണ്ടതുണ്ട്.

## അക്കാദമികം.

സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം, മലയാള ഭാഷ വിനിമയ ശേഷി വർദ്ധിപ്പിക്കുക, ഗണിതത്തിൽ പ്രാവീണ്യം നേടുക, ശാസ്ത്ര പരീക്ഷണങ്ങളിലും പ്രവർത്തനങ്ങളിലും പ്രാവീണ്യം നേടുക തുടങ്ങിയവ ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ

1, 2 ക്ലാസുകളിൽ സംയുക്ത ഡയറി, സചിത്ര പുസ്തകം, റീഡേഴ്സ് തിയേറ്റർ എന്നിവയുടെ നിർമാണ പ്രവർത്തനങ്ങൾ ഈ വർഷം നടന്നുവരുന്നു.

## ലക്ഷ്യങ്ങൾ

ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ-അന്തരീക്ഷത്തിൽ തികച്ചും സൗജന്യവുമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

എൽ.കെ.ജി മുതൽ നാലാം ക്ലാസ് വരെ ഓരോ ക്ലാസും അടിസ്ഥാനത്തിൽ പാഠ്യപദ്ധതിയ്ക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാൻ ഉതകുന്ന പ്രവർത്തനകലണ്ടറും തയ്യാറാക്കുക.

അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ.

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | കളിസ്ഥലം | PTA ശക്തിപ്പെടുത്തൽ |
| ഗണിതശേഷി വികസനം | കമ്പ്യൂട്ടർ ലാബ് | പൂർവ്വ വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനം. |
| ഇംഗ്ലീഷ് പഠന പരിപോഷണം. | ലൈബ്രറി | വിദ്യാലയ വികസന പദ്ധതി. |
| ശാസ്ത്ര പരീക്ഷണ പരിപാടി. | അടുക്കള | ക്ലാസ് PTA മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ. |
| വായനാ പരിപോഷണം. | ജന്മദിന പുസ്തകം | വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ. |
| ലൈബ്രറി വികസനം | പച്ചക്കറിത്തോട്ടം | പ്രാദേശിക PTA |
| ജൈവ വൈവിധ്യ പാർക്ക് | എന്റെ സ്കൂളിലെ കൃഷിത്തോട്ടം | ഭവന സന്ദർശനം. |
| പഠനയാത്രകൾ | മാലിന്യസംസ്കരണം | |
| കലാകായിക മേള | സ്കൂൾ ബസ്. | |
| ഐ.ടി. പരിശീലനം | | |
| അധ്യാപക ശാക്തീകരണ പരിപാടികൾ | | |
| ക്ലാസ് PTA ശക്തമാക്കൽ | | |
| ഒന്നാം ക്ലാസ് ഒന്നാം തരം | | |
| പ്രവൃത്തി പരിചയ പഠനം. | | |
| ഗണിതലാബ്. | | |
| നിരന്തര വിലയിരുത്തല് | | |
| ദിനാചരണം | | |
| SRG ശാക്തീകരണം | | |

# ഉപമേഖല :- മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പഠനനില കണ്ടെത്തൽ പ്രീ-ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ 15 ന് മുമ്പ് | ക്ലാസ് ടീച്ചർ SRG | 1000/- PTA. |
| എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നു എന്ന് ഉറപ്പുവരുത്തുക. | പരിമിതികൾ പരിഹരിക്കുന്നതിനുള്ള പാക്കേജുകൾ തയ്യാറാക്കൽ. | പ്രതിദിനം | HM SRG | |
| | അക്ഷരം ഉറപ്പിക്കൽ അക്ഷരകാർഡുകൾ നൽകൽ | | | |
| | അക്ഷരകാർഡുകൾ നൽകൽ. വാക്കുകൾ എഴുതിയ കാർഡ്, വാക്യങ്ങൾ നിർമ്മിക്കുക, ചിത്രം, അടിക്കുറിപ്പ് | പ്രതിദിനം | ക്ലാസ് ടീച്ചർ SRG. PTA | 500/-PTA |
| | ചിത്രം-കഥ പറയൽ<br>ചിത്രം-കഥ എഴുതൽ<br>കഥ-ബാക്കി എഴുതൽ<br>കഥാപുസ്തകം നൽകൽ.<br>ചിത്രം കാണിച്ച് വാക്യങ്ങൾ എഴുതൽ.<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്. | | | |
| കുട്ടിയെ മികച്ച വായന | | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്കാരനാക്കുക. | ക്ലാസ്-വായനക്കൂട്ടം<br>വായനാമൂല.<br>ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>നവീകരിക്കൽ.<br>വായനോത്സവം<br>ചിത്രവായന<br>അമ്മ വായന<br>പുസ്തക ചർച്ച<br>വായനക്കുറിപ്പ് പതിപ്പ്<br>വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ | പ്രതിമാസം. | ക്ലാസ് PTA<br>SRG | സ്പോൺസർഷിപ്പ് 10000/- |
| | ബാലസഭ, സ്കൂൾ സഭ ദിനാചരണങ്ങൾ. | ആഴ്ചയിൽ മാസത്തിൽ | PTA SRG ക്ലാസ് ടീച്ചർ | |
| | വായനാശീലം വികസിപ്പിക്കൽ, സാഹിത്യകാരന്മാരെ പരിചയപ്പെടൽ. | | | |

## ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതശേഷികൾ എല്ലാ കുട്ടികളിലും ഉറപ്പുവരുത്തൽ | പ്രീ ടെസ്റ്റ് അടിസ്ഥാന ആശയങ്ങൾ ഉൾപ്പെടുത്തൽ സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ | ഹ്രസ്വം | ക്ലാസ് ടീച്ചർ | അധ്യാപകർ |
| ഗണിതാസ്വാദനം | കുസൃതികണക്ക് പസിലുകൾ, ക്വിസ് മത്സരം, മാന്ത്രികചതുരം, ഗണിതകേളികൾ | ദീർഘകാലം | ക്ലാസ് ടീച്ചർ SRG PTA/ MPTA | PTA/MPTA BRC |
| ഗണിതലാബ് രൂപീകരണം | ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ, ഗണിത രൂപങ്ങൾ ശേഖരിക്കൽ, നിർമിക്കൽ, രൂപങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ, പാറ്റേണുകൾ ഗണിതോപകരണങ്ങൾ അനുയോജ്യമായ രീതിയിൽ ക്രമീകരിക്കൽ ഉല്ലാസഗണിതം, ഗണിതവിജയം പ്രവർത്തനങ്ങൾക്കുവേണ്ടി ഗണിത ലാബ് സജ്ജീകരിക്കൽ. | | | |
| ഗണിതപഠന മേഖല പിന്നോക്കാവസ്ഥ പരിഹരിക്കൽ | അബാക്കസിന്റെയും സ്ഥാനവില പേടകത്തിന്റെയും സഹായത്തോടെ കുട്ടികളിൽ സ്ഥാനവില ഉറപ്പിക്കുന്നു. കുട്ടികൾക്ക് അബാക്കസ് സ്വയം നിർമിക്കാനുള്ള അവസരം നൽകുന്നു. സംഖ്യാറിബൺ, സംഖ്യാമാല ഇവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | ദീർഘകാലം | ക്ലാസ് ടീച്ചർ ഗണിത ടീച്ചർ | അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത മാഗസിൻ | കുസൃതിക്കണക്കുകൾ, ഉദ്ധരണികൾ, സംഖ്യാചിത്രങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഇവ ഉൾപ്പെടുത്തി ക്ലാസ് അടിസ്ഥാനത്തിൽ മാഗസിൻ തയ്യാറാക്കുക, പ്രദർശിപ്പിക്കുക. | ദീർഘകാലം | അധ്യാപകർ | HM, PTA, അധ്യാപകർ, MPTA, സ്പോൺസർഷിപ്പ് |

## ഉപമേഖല : പരിസരപഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗുണാത്മക [illegible] പ്രവർത്തനങ്ങൾ [illegible] നിരന്തരം ഉപയോഗിക്കുന്നതിനായി എല്ലാ ക്ലാസിലും ശാസ്ത്രമൂല ഒരുക്കൽ | ശാസ്ത്ര മൂലയിൽ വേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ, ലിസ്റ്റിൽ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ എന്നിങ്ങനെ തരംതിരിക്കൽ. | ജൂലൈ | അധ്യാപകർ | അധ്യാപകർ |
| ജൈവ വൈവിധ്യ ഉദ്യാനം ക്യാമ്പസ് ഒരു പുസ്തകം എന്ന ആശയം ഉറപ്പിക്കൽ | ജൈവ വൈവിധ്യ ഉദ്യാനം - ഫലവൃക്ഷങ്ങൾ ഔഷധസസ്യങ്ങൾ, പച്ചക്കറിത്തോട്ടം, പൂച്ചെടികൾ, അലങ്കാര സസ്യങ്ങൾ ഇവ ഒരുക്കൽ. ഓരോന്നിനും ബോർഡുകൾ സ്ഥാപിക്കൽ. അവയുടെ ഗുണങ്ങളെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കൽ. പരിചരണം. ആവാസ വ്യവസ്ഥ നിരീക്ഷിക്കൽ. | ദീർഘ കാലം | അധ്യാപകർ PTA. | SSK, PTA Teachers |
| എന്റെ പഞ്ചായത്തിനെ അറിയൽ | വിഭവ ഭൂപടം ഉപയോഗിക്കൽ, വാർഡുകൾ കണ്ടെത്താൻ വാർഡ് പ്രതിനിധികളെ | 1 വർഷം | അധ്യാപകർ ജനപ്രതിനിധികൾ | അധ്യാപകർ PTA. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | അറിയൽ. പ്രധാന സ്ഥലങ്ങൾ, ജലാശയങ്ങൾ, പെട്രോൾ സ്റ്റേഷനുകൾ, വിനോദ സഞ്ചാരകേന്ദ്രങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, റോഡുകൾ എന്നിവ കണ്ടെത്തി ഭൂപടം തയ്യാറാക്കൽ. ഇവ സന്ദർശിക്കൽ. | | | |
| ജില്ലയെ അറിയാം. | ജില്ലയിലെ പ്രധാന സ്ഥലങ്ങൾ, അവയുടെ ചരിത്രപ്രാധാന്യം മനസിലാക്കൽ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ ഏതൊക്കെയെന്ന് അറിയാൻ ജില്ലാ ഭൂപടം തയ്യാറാക്കൽ. | | | |
| ശാസ്ത്ര പഠിക്കുന്നത്തിലേക്ക് പെടൽ. എല്ലാ കുട്ടികളെയും ശാസ്ത്ര പരീക്ഷണങ്ങളിൽ പങ്കാളികളാകുന്നു. | എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഓരോ ക്ലാസിനും യോജിച്ച ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു. പരീക്ഷണത്തിനാവശ്യമായ സാമഗ്രികൾ കണ്ടെത്തുന്നു. ലഘുപരീക്ഷണങ്ങൾ ചെയ്യുന്നു. | ദീർഘ കാലം | അദ്ധ്യാപകർ | PTA അദ്ധ്യാപകർ. |

# പദ്ധതി വിശദാംശങ്ങൾ

## ഉപമേഖല : ഇംഗ്ലീഷ്

1. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കൽ.
2. കുട്ടികൾക്ക് ഇംഗ്ലീഷിനോടുള്ള ഭയം മാറുക.
3. പാഠപുസ്തകങ്ങൾക്ക് അപ്പുറത്തേക്കുള്ള പഠനാന്തരീക്ഷം ഒരുക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ. | പഠനനില കണ്ടെത്തി പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജുകൾ തയ്യാറാക്കൽ ശേഖരിക്കൽ. | ജൂൺ | ഇംഗ്ലീഷ് ടീച്ചർ SRG | |
| കുട്ടികൾക്ക് ഇംഗ്ലീഷിനോടുള്ള ഭയം മാറുക. | ഇംഗ്ലീഷ് അസംബ്ലി, നിഘണ്ടു നിർമാണം. ഇംഗ്ലീഷ് ഡയറി സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് | ആഴ്ചയിൽ ഒരിക്കൽ. പ്രതിമാസം | HM ഇംഗ്ലീഷ് ടീച്ചർ SRG PTA ക്ലാസ് ടീച്ചർ SRG PTA. | സ്പോൺസർഷിപ്പ് (RS 5000/-) |
| പാഠപുസ്തകങ്ങൾക്ക് അപ്പുറത്തേക്കുള്ള പഠനാന്തരീക്ഷം ഒരുക്കുക. | ഇംഗ്ലീഷ് വായനാസാമഗ്രികൾ, പതിപ്പുകൾ, ലഘുവായനാ പുസ്തകം, മാച്ചിംഗ് കാർഡുകൾ, ഗെയിം, സോങ്ങ്സ്, ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് തിയേറ്റർ, 3,4 ക്ലാസിലെ പാഠഭാഗത്തെ പ്രവർത്തനങ്ങൾ വ്യത്യസ്ത വ്യവഹാര രൂപങ്ങളാക്കി (സ്കിറ്റ്, റോൾപ്ലേ) സദസിനു മുന്നിൽ അവതരിപ്പിക്കുക. | ജൂൺ - ഫെബ്രുവരി ദീർഘകാലം | SRG, PTA ക്ലാസ് ടീച്ചർ. അധ്യാപകർ | |

# ഭിന്നശേഷി വിദ്യാർത്ഥികളുടെ ശേഷി വികസനം

**ആമുഖം** :- എല്ലാ ഭിന്നശേഷി വിദ്യാർത്ഥികൾക്കും ഒരേ രീതിയിലുള്ള പഠനതന്ത്രമല്ല മറിച്ച് അവർ നേരിടുന്ന പരിമിതികളും വെല്ലുവിളികളും പരിഗണിച്ച് മുന്നേറുവാനുള്ള പഠനബോധനതന്ത്രങ്ങളും പഠനോപകരണങ്ങളുമാണ് ആവശ്യം.

## ലക്ഷ്യങ്ങൾ.

ഭിന്നശേഷി വിദ്യാർത്ഥികളുടെ ശാരീരിക പരിമിതികളെ മറികടന്ന് മുന്നേറുവാൻ പ്രാപ്തരാക്കുക, അവരുടെ സവിശേഷ കഴിവുകളെ പരമാവധി പ്രോത്സാഹിപ്പിക്കുക, രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ് നൽകുക.

## പ്രവർത്തനങ്ങൾ

ICT സാധ്യത ഉപയോഗിച്ച് രക്ഷിതാക്കളെ ബോധവൽക്കരിക്കുന്നു. പ്രത്യേക പരിഗണന നൽകുന്നു. കലാപരിപാടികളിൽ പങ്കെടുക്കുന്നു. കലാകായിക മേഖലയിലെ പങ്കാളിത്തം ഉറപ്പാക്കുന്നു.

അധ്യാപകരുടെയും മറ്റു കുട്ടികളുടെയും സഹായത്തോടെ പഠനപാഠ്യേതര പ്രവർത്തനങ്ങളിൽ മുൻനിരയിലെത്താൻ ശ്രമിക്കുന്നു.

# നേട്ടങ്ങൾ

ഭിന്നശേഷി വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് അവരവരുടെ കുട്ടികളുടെ പഠനപ്രവർത്തനങ്ങളിൽ ഇടപെടുന്നതിനും മറ്റു കുട്ടികളോടൊപ്പം ഭിന്നശേഷിക്കാരെ മുൻനിരയിലെത്തിക്കുന്നതിനും വേണ്ടി ബോധവൽക്കരണ ക്ലാസ് സഹായിക്കുന്നു.

# പ്രവർത്തന കലണ്ടർ 2025

| | |
|---|---|
| ജൂൺ | പ്രവേശനോത്സവം<br>പരിസ്ഥിതി ദിനം — പൊതു പി.ടി.എ<br>വായനാദിനം, വിദ്യാരംഗം ക്ലബ് രൂപീകരണം — ക്ലാസ് പി.ടി.എ |
| ജൂലൈ | ബഷീർ ദിനം, ചാന്ദ്രദിനം, ക്ലാസ് പി.ടി.എ.<br>ജനസംഖ്യാദിനം |
| ആഗസ്റ്റ് | ഹിരോഷിമ ദിനം, നാഗസാക്കിദിനം, ക്ലാസ് P.T.A.<br>ക്വിറ്റിന്ത്യദിനം, സ്വാതന്ത്ര്യദിനം |
| സെപ്റ്റംബർ | അധ്യാപക ദിനം, ഓണാഘോഷം |
| ഒക്ടോബർ | ഗാന്ധിജയന്തി, പ്രഭാതഷ്ടദിനം. |
| നവംബർ | കേരളപ്പിറവി. |
| ഡിസംബർ | സാക്ഷരതാ ദിനം, ക്രിസ്തുമസ്<br>ആഘോഷം. |
| ജനുവരി | പുതുവത്സരാഘോഷം<br>റിപ്പബ്ലിക് ദിനം. |
| ഫെബ്രുവരി | |
| മാർച്ച് | വാർഷികപരീക്ഷ<br>വാർഷികാഘോഷം. |
| | |

# School Master plan Consolidation

| (മേ)ഖല | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് | പ്രതീക്ഷിത ചെലവ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| അക്കാദമികം | പുസ്തകങ്ങൾ, പഠനോപകരണങ്ങൾ, കളിയുപകരണം | കൂടുതൽ കമ്പ്യൂട്ടറുകൾ, പ്രൊജക്ടറുകൾ, കളി ഉപകരണങ്ങൾ | 100000/- | സ്പോൺസർഷിപ്പ് |
| ഭൗതികം | ക്ലാസ്സ്റൂം ഫർണിച്ചറുകൾ, സ്മാർട്ട് ക്ലാസ്സ്റൂം, കളിസ്ഥലം, ടോയ്‌ലറ്റ്, അഡാപ്റ്റഡ് ടോയ്‌ലറ്റ്, ഉപകരണങ്ങൾ, ചുറ്റുമതിൽ ഭാഗികം, വാഷ്ബേസിൻ | കൂടുതൽ ഫർണിച്ചറുകൾ | 50000/- | സ്പോൺസർഷിപ്പ് |
| | | വിപുലീകരിച്ച കളിസ്ഥലം, കളിയുപകരണങ്ങൾ | 50000/- | |
| | | ടൈലിംഗ്, പെയിന്റിംഗ് [illegible] | 100000/- | |
| | | ചുറ്റുമതിൽ (പൂർണം) | 100000/- | |
| | | ജൈവവൈവിധ്യ പാർക്ക്, സ്പോർട്സ് [illegible], [illegible], സയൻസ് ലാബ്, മാത്സ് ലാബ്, കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ കൂടുതൽ, [illegible] കെട്ടിടം. | 100000/- | |
| സാമൂഹികം | PTA, MPTA | PTA ശക്തിപ്പെടുത്തൽ, ഉത്തരവാദിത്വബോധമുള്ള [illegible] | | |
| | S.R.G | S.R.G കൂടുതൽ ശക്തമാക്കൽ | | |
| | ക്ലാസ് പി.ടി.എ | ക്ലാസ് PTA കൃത്യ സമയങ്ങളിൽ നടത്തൽ | | |

...ിക്കുട്ടിന്റെ ആരോഗ്യസംരക്ഷണങ്ങൾ ഉണ്ടാകുന്ന വെല്ലുവിളി
...ന്നും എങ്കിലും ചില കാര്യങ്ങളിൽ ശ്രദ്ധിച്ചാൽ കുറച്ചു
...ാൻ ഉണ്ട്. കുട്ടികളെ കൃത്യമായ വ്യായാമങ്ങൾ, ...ട്ടിന
...ൾ ചുറ്റുവതിൽ, തൈലപ്പുരം, ഓണത്തിന് ശേഷം. കൃത്യമായ
...ട്ടുകളിൽ ഇവയൊക്കെ ചെയ്യു പരിശീലിപ്പിക്കുന്നു

L.P.S.PARANCODU

**2025-26**

# പഠനാന്തരീക്ഷ പരിപോഷണം

വിഷയം :- പരിസരപഠനം

സ്റ്റാ:- IV

യൂണിറ്റിന്റെ പേര് :- വായിക്കാം വരയ്ക്കാം.

പ്രവർത്തനം :- എന്റെ നാടിനെ അറിയാൻ

വിഭവ ഭൂപടം തയ്യാറാക്കൽ

പ്രാദേശിക ചരിത്ര രചന

പഠനനേട്ടം

പഞ്ചായത്ത് ഭൂപടം വായിച്ച് പഞ്ചായത്തിലെ വിഭവങ്ങൾ പട്ടികപ്പെടുത്തുന്നു.

## ആമുഖം

ധന്യവും വർണശബളവുമായ കലാ സാംസ്കാരിക ചരിത്ര സമ്പത്തുകൊണ്ട് അനുഗ്രഹീതമാണ് ഇളമാട് ഗ്രാമപഞ്ചായത്ത്. മതസൗഹാർദത്തിന് പുകൾപെറ്റ പ്രദേശമാണ് ഇളമാട്. കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിന്റെ വടക്ക് കിഴക്ക് അതിരായും ഉമ്മന്നൂർ പഞ്ചായത്തിന് വടക്കെ അതിരായും വെളിയം-വെളിനല്ലൂർ പഞ്ചായത്തിന് പടിഞ്ഞാറെ അതിരായും ഉള്ള പ്രകൃതിസുന്ദരമായ പ്രദേശമാണ് ഇളമാട് പഞ്ചായത്ത്.

പച്ചവിരിച്ച നെൽപാടങ്ങൾ, അത്യുന്നതങ്ങളോളം വളർന്നുനിൽക്കുന്ന കേരവൃക്ഷങ്ങൾ, വിവിധതരം വാഴകൾ, നാണ്യവിളകളായ കുരുമുളക്, ഇഞ്ചി തോട്ടവിളകളായ റബ്ബർ തുടങ്ങിയ കൃഷികൾ ഭക്ഷ്യവസ്തുക്കളായ കപ്പ, ചേന, പയറുവർഗങ്ങൾ തുടങ്ങിയ വിളകൾ എന്നിവകൊണ്ട് സമ്പുഷ്ടമായ ഈ പഞ്ചായത്ത് പ്രകൃതിരമണീയമാണ്.

## ലക്ഷ്യം

നമ്മുടെ ഗ്രാമപഞ്ചായത്തിനെ കുറിച്ച് കൂടുതൽ അറിയുക.

## പ്രവർത്തനങ്ങൾ

### 1. ഫീൽഡ് ട്രിപ്പ്

ചരിത്ര സ്മാരകങ്ങൾ, സ്ഥലങ്ങൾ കാവുകൾ, കുളങ്ങൾ

2. വിവരശേഖരണം (ഇളമാട് പഞ്ചായത്തിലെ മനുഷ്യവിഭവങ്ങളും പ്രകൃതി വിഭവങ്ങളും.)

3. പൊതു സ്ഥാപനങ്ങൾ സന്ദർശിക്കൽ

4. സാമൂഹിക സാംസ്കാരിക ചരിത്രം ശേഖരിക്കൽ.

5. ജീവിച്ചിരിക്കുന്നതും ജീവിച്ചിരുന്നതുമായ കലാസാംസ്കാരിക നായകന്മാരെ കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കുക.

6. പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർ, പഴയകാല വാർഡ് പ്രതിനിധികൾ തുടങ്ങിയവരുമായി അഭിമുഖം.

7. നിലവിലെ വാർഡുകളും വാർഡു പ്രതിനിധികളും അന്വേഷിച്ചറിയൽ.

8. വിവര ശേഖരണത്തിലൂടെ വിഭവ ഭൂപടം തയ്യാറാക്കൽ.